# ഓഫ്സെറ്റ് പ്രിന്റർ/ബൈൻഡർ : വോക്-ഇൻ-ഇന്റർവ്യൂ

കേരള സർവകലാശാല പ്രസ്സിൽ ദിവസവേതനാടിസ്ഥാനത്തിൽ (കാഷ്വൽ) ഓഫ്സെറ്റ് പ്രിന്റർ നിയമനത്തിന് ഏപ്രിൽ ഒമ്പത് രാവിലെ എട്ട് മണിക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ പ്രോ-വൈസ് ചാൻസലറുടെ ചേംബറിൽ വോക്-ഇൻ-ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ രാവിലെ ഏഴ് മണിക്ക് ഹാജരാകണം. യോഗ്യത: എസ്.എസ്.എൽ.സി ജയം. സംസ്ഥാന/കേന്ദ്ര ഗവൺമെന്റിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ബോർഡ് നൽകുന്ന ഓഫ്സെറ്റ് പ്രിന്റിംഗ് ഡിപ്ലോമ അഭികാമ്യം. സാങ്കേതിക യോഗ്യത: (1) ഡിപ്പാർട്ടുമെന്റ് ഓഫ് ഇൻഡസ്ട്രീസ് & ട്രെയിനിംഗ്/ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്ന ഓഫ്സെറ്റ് പ്രിന്റിംഗിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (2) ഓഫ്സെറ്റ് പ്രിന്റിംഗിൽ ഒരു വർഷത്തെ പ്രായോഗിക പരിചയം അല്ലെങ്കിൽ നാല് വർഷത്തെ പ്രവൃത്തിപരിചയവും സംസ്ഥാന ഗവൺമെന്റിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ബോർഡ് നൽകുന്ന പ്രിന്റിംഗിൽ കെ.ജി.ടി.ഇ/എം.ജി.ടി.ഇ (ഹയർ) സർട്ടിഫിക്കറ്റും പ്രമുഖ സ്ഥാപനത്തിലെ പ്ലേറ്റ് മേക്കിംഗിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവും. വേതനം : പ്രതിദിനം 400 രൂപ. പ്രായം 01.01.2015–ൽ 36 വയസ്സ് കവിയരുത്. (എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗക്കാർക്ക് നിയമനാനുസൃത വയസ്സിളവ്) ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, ജാതി, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഹാജരാകണം.

കേരള സർവകലാശാല പ്രസ്സിൽ ദിവസവേതനാടിസ്ഥാനത്തിൽ (കാഷ്വൽ) ബൈൻഡർ നിയമനത്തിന് ഏപ്രിൽ എട്ട് രാവിലെ 11 മണിക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ പ്രോ-വൈസ് ചാൻസലറുടെ ചേംബറിൽ വോക്-ഇൻ-ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ രാവിലെ ഒമ്പത് മണിക്ക് ഹാജരാകണം. യോഗ്യത : എട്ടാം ക്ലാസ് ജയം. സാങ്കേതിക യോഗ്യത: (1) ബൈൻഡിംഗ് (ലോവർ) കെ.ജി.ടി.ഇ/എം.ജി.ടി.ഇ അല്ലെങ്കിൽ ബുക്ക് ബൈൻഡിംഗിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്. (2) ബൈൻഡിംഗ് വർക്കിൽ 18 മാസത്തെ പ്രവൃത്തിപരിചയം (ഓട്ടോമേഷനിൽ പ്രവൃത്തിപരിചയം അഭികാമ്യം). വേതനം പ്രതിദിനം 350 രൂപ. പ്രായം 01.01.2015–ൽ 36 വയസ്സ് കവിയരുത്. (എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗക്കാർക്ക് നിയമനാനുസൃത വയസ്സിളവ്) ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, ജാതി, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഹാജരാകണം.

പത്രക്കുറിപ്പിൽ പറഞ്ഞിട്ടുള്ള പ്രായപരിധി നിലവിൽ കേരള സർവകലാശാല പ്രസ്സിൽ കാഷ്വൽ വ്യവസ്ഥയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ബൈൻഡർമാർക്കും ഓഫ്സെറ്റ് പ്രിന്റർമാർക്കും ബാധകമല്ല. ഇവർക്ക് വോക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കാം.